# Malayala Manorama
# 28 August 2018
# Aroor, After Flood, Teachers, Cleaning



തുറവൂർ ബിആർസിയുടെ നേതൃത്വത്തിൽ അധ്യാപകർ പാണ്ടനാട് സ്വാമി വിവേകാനന്ദ ഹയർ സെക്കൻഡറി സ്കൂൾ ശുചീകരിക്കുന്നു.

## സ്കൂൾ ശുചീകരിച്ച് അധ്യാപക സംഘം

അരൂർ • ശുചീകരണ പ്രവർത്തനം നടത്താൻ അധ്യാപക സംഘവും. തുറവൂർ ബിആർസിയുടെ നേതൃത്വത്തിൽ അൻപത് അംഗ അധ്യാപക സംഘം ഇന്നലെ പാണ്ടനാട് സ്വാമി വിവേകാനന്ദ ഹയർ സെക്കൻഡറി സ്കൂൾ ശുചീകരിച്ചു.

സ്കൂളിന്റെ ഒന്നാം നിലയിൽ പൂർണമായും വെള്ളം കയറിയിരുന്നു. പമ്പയാർ കവിഞ്ഞൊഴുകിയതിനെ തുടർന്നാണ് സ്കൂളിലും വെള്ളം കയറിയത്. ഇതുമൂലം ഇവിടെ ദുരിതാശ്വാസ ക്യാംപ് പ്രവർത്തിപ്പിക്കാനും കഴിഞ്ഞില്ല. ക്ലാസ് മുറികളിലെല്ലാം വെള്ളത്തിന്റെ കുത്തൊഴുക്കിൽ ചെളി അടിഞ്ഞു. ഡസ്ക്, ബഞ്ച്, മേശ, കസേര എന്നിവയും ചെളിപുരണ്ട് വൃത്തിഹീനമായിരുന്നു. ഇവയെല്ലാം അധ്യാപകർ ശുചിയാക്കി. ജെ.എ. അജിമോൻ, പി.എസ്. വിനായകൻ എന്നിവർ നേതൃത്വം നൽകി.